# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മാർച്ച് 04 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മാർച്ച് 04 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**പാർട്ട് - 1**

## കൊറോണ : ജില്ലയിൽ കൺട്രോൾ റൂം തുറന്നു

ഇന്ത്യയിൽ കൊറോണ സ്ഥിരീകരിച്ച സാഹചര്യത്തിൽ സുരക്ഷ മുൻ നിർത്തി ജില്ലയിൽ കൺട്രോൾ റൂം തുറന്നു. പ്രശ്നബാധിത പ്രദേശങ്ങളിൽ നിന്ന് വരുന്നവർ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുമായി നിർബന്ധമായും ബന്ധപ്പെടണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കൺട്രോൾ റൂം നമ്പർ : 0487 2320466, 9400408120, 9400410720. ജില്ലയിൽ നിലവിൽ വീടുകളിൽ 60 പേരും ആശുപത്രികളിൽ എട്ട് പേരുമാണ് നിരീക്ഷണത്തിലുള്ളത്. കൊറോണ ബാധിത പ്രദേശങ്ങളിൽ നിന്നും വരുന്നവർക്ക് എന്തെങ്കിലും രോഗലക്ഷണമുണ്ടെങ്കിൽ കൺട്രോൾ റൂമുമായി ബന്ധപ്പെടണം. ഈ പ്രദേശങ്ങളിൽ നിന്നും നാട്ടിൽ വരുന്നവർ 14 ദിവസം വീടുകളിൽ തന്നെ കഴിയണം. ചുമക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിച്ച് വായും

മൂക്കും മൂടുക, രോഗലക്ഷണങ്ങളായ ചുമ, തൊണ്ട വേദന, ജലദോഷം, തുമ്മൽ എന്നിവ ഉള്ളവർ മാസ്ക് ഉപയോഗിക്കുക, രോഗ ബാധിത പ്രദേശങ്ങളിൽ നിന്ന് വരുന്നവരും രോഗ ലക്ഷണങ്ങൾ ഉള്ളവരും പൊതുജന സമ്പർക്കം ഒഴിവാക്കുക, രോഗ ബാധിത പ്രദേശങ്ങളിലേക്ക് യാത്ര ഒഴിവാക്കുക, മത്സ്യ - മാംസാദികൾ നന്നായി പാകം ചെയ്തു ഉപയോഗിക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണം.

# പരീക്ഷാക്കാലം ആഘോഷമാക്കാം; കുട്ടികളെ സമ്മർദത്തിൽ നിന്നും രക്ഷിക്കാൻ ജില്ലാ ഭരണകൂടം

വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും സമ്മർദ്ദത്തിലേക്ക് വഴിമാറാനുള്ള സമയമാണ് പരീക്ഷാക്കാലം. മികച്ച മാർക്ക് നേടാനുള്ള ശ്രമത്തിൽ വിദ്യാർഥികളും മക്കൾക്ക് ആവശ്യത്തിന് മാർക്ക് കിട്ടുമോയെന്ന് ഭയന്ന് മാതാപിതാക്കളും സമ്മർദ്ദത്തിലാകും. പരീക്ഷാഭയമോ ആകാംക്ഷയോ മൂലം വിവിധ മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ ടെൻഷൻ ഫ്രീയാക്കാൻ ജില്ലാ ഭരണകൂടം ഒരുങ്ങുന്നു. കുട്ടികൾക്ക് ഏതെങ്കിലും തരത്തിൽ മാനസിക ബുദ്ധിമുട്ട് തോന്നുന്ന പക്ഷം കൗൺസലിങ്, ഡോക്ടർമാരുടെ സേവനം എന്നിവ ജില്ലാ ഭരണകൂടം നൽകും. ആരോഗ്യവകുപ്പ്, ജില്ലാ ശിശുസംരക്ഷണയൂണിറ്റ്, ഔവ്വർ റസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ (ഒആർസി) പദ്ധതി, സെന്റ് തോമസ് കോളേജ് സോഷ്യൽ വർക്ക് വിഭാഗം എന്നിവരുടെ സംയുക്ത സഹകരണത്തോടെയാണ് ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി സേവനമൊരുക്കിയിരിക്കുന്നത്. ഇതിനായി വിളിക്കാവുന്ന ഫോൺ നമ്പറുകൾ ഇപ്രകാരമാണ്.

ഡോ സുബ്രഹ്മണ്യൻ- 9447145622(വൈകീട്ട് 6 മുതൽ രാത്രി 10 വരെ), ഡോ ഗിരീഷ് മേനോൻ-8281906826(വൈകീട്ട് 4 മുതൽ രാത്രി 9 വരെ), ഡോ സ്മിത രാംദാസ്-9495421321 (വൈകീട്ട് 56 മുതൽ രാത്രി 8 വരെ), ഡോ കെ വി പാർവ്വതി-9447030625 (രാവിലെ 8 മുതൽ 12 വരെ, വൈകീട്ട് 4 മുതൽ 8 വരെ), ഡോ ബാസ്പിൻ 9447295310 (രാവിലെ 10 മുതൽ രാത്രി 10 വരെ), രേഷ്മ(സൈക്കോളജിസ്റ്റ് ഒ ആർ സി-9048952199(രാവിലെ 10 മുതൽ വൈകീട്ട് 7 വരെ), ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് കൗൺസിലർ ശ്രുതി- 9744151523(രാവിലെ 10 മുതൽ വൈകീട്ട് 7 വരെ), സോഷ്യൽ വർക്ക് ഡിപ്പാർട്മെന്റ് അസി. പ്രൊഫസർമാരായ ഫാദർ അലൻ ടോണി-9447839724 (രാവിലെ 8 മുതൽ രാത്രി 8 വരെ), സീമ സണ്ണി- 9495331765( രാവിലെ 8 മുതൽ വൈകീട്ട് 8 വരെ), വില്ലി വർഗീസ്-9947280253 (രാവിലെ 8 മുതൽ വൈകീട്ട് 8 വരെ), ജിജോ കുരുവിള-7559918347 (രാവിലെ 8 മുതൽ വൈകീട്ട് 8 വരെ), ഗൗരു ഘോഷ്- 9744008560.

പരീക്ഷാ തയ്യാറെടുപ്പും പരീക്ഷയും സന്തോഷകരമാക്കാൻ രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കുമായി പ്രത്യേക നിർദ്ദേശങ്ങളും ജില്ലാ ഭരണകൂടം നൽകിയിട്ടുണ്ട്.

*കുട്ടികളുടെ ഭക്ഷണരീതി, കുടിവെള്ളം, വിശ്രമം എന്നിവയിൽ രക്ഷിതാക്കൾ ശ്രദ്ധിക്കണം. ഹാൾടിക്കറ്റ് പെൻബോക്സ് എന്നിവ ഒരുക്കി നൽകുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തണം.

*മാതാപിതാക്കളുടെ അമിത ടെൻഷൻ കുട്ടികൾക്ക് കൊടുക്കരുത്. മറ്റുകുട്ടികളുമായി അവരെ താരതമ്യം ചെയ്ത് സംസാരിക്കുന്നതിന് പകരം അവർക്ക് മോട്ടിവേഷൻ നൽകുന്ന സംഭാഷണം നടത്തുക. അവരോട് അനുഭാവത്തോടെയും ആത്മവിശ്വാസം വർധിപ്പിക്കുന്ന തരത്തിലും പെരുമാറുക.

*കുട്ടികൾ നേരത്തെ എഴുന്നേറ്റ് പഠിക്കുമ്പോൾ കൂടെയിരിക്കുക. പരീക്ഷാഫലത്തെക്കുറിച്ച് ചിന്തിക്കേണ്ടതില്ലെന്നും മികച്ച രീതിയിൽ തയ്യാറെടുപ്പ് നടത്തിയാൽ മതിയെന്നും അവരെ ബോധ്യപ്പെടുത്തുക. ഓരോരുത്തരും ഏറ്റവും മികച്ചവരാണെന്ന് അവരെ ഓർമ്മിപ്പിക്കുക. പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങിയില്ലെങ്കിൽ കുട്ടികൾ മോശമാകുമെന്ന് അവർക്ക് താക്കീത് നൽകരുത്.

*ഓരോ ഉദ്യമവും പൂർത്തിയാക്കുമ്പോൾ അവരെ അഭിനന്ദിക്കുക. ഇടവേളകളിൽ, പഠിച്ച ഭാഗങ്ങൾ രസകരമായി ഓർത്തെടുക്കാൻ അവരോട് ആവശ്യപ്പെടുക.

രക്ഷിതാക്കൾക്കൊപ്പം വിദ്യാർഥികൾ കൂടി നടത്തേണ്ട മുന്നൊരുക്കങ്ങളെക്കുറിച്ച് ഭരണകൂടം നിർദ്ദേശം നൽകുന്നുണ്ട്. ടെലിവിഷൻ-ഇന്റർനെറ്റ് ഉപയോഗം നിയന്ത്രിക്കുക, ശ്രദ്ധയോടെയും ക്ഷമയോടെയും പാഠഭാഗങ്ങൾ വായിച്ച് ഉൾക്കൊള്ളുക, പ്രധാനപ്പെട്ട പാഠഭാഗങ്ങൾ ചെറിയ നോട്ടുകളാക്കി സൂക്ഷിക്കുക, ആവശ്യമായ തോതിൽ വിശ്രമിച്ച് പഠിക്കുക, ഉറക്കം ഉപേക്ഷിച്ചുള്ള പഠനം ഒഴിവാക്കുക, അനാരോഗ്യകരമായ ഉല്ലാസങ്ങളും ലക്ഷ്യപ്രാപ്തിയിലേക്ക് എത്തിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്ന സൗഹൃദങ്ങളും ഒഴിവാക്കുക. ദഹനവ്യൂഹത്തിനും മറ്റും അമിതാധ്വാനം നൽകുന്ന ഭക്ഷണങ്ങൾ ഒഴിവാക്കണം. പച്ചക്കറികൾ അധികം ഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ധാരാളം വെള്ളം കുടിക്കുകയും വേണം. ഏതെങ്കിലും തരത്തിലുള്ള അസുഖം ഉണ്ടെങ്കിൽ ഉടനെ ചികിത്സ തേടണം.

## പൊതു അടുക്കള പദ്ധതിയുമായി അന്തിക്കാട് ഗ്രാമപഞ്ചായത്ത്

നിർധന കുടുംബങ്ങളിൽ ഒരുനേരത്തെ ഭക്ഷണം എത്തിച്ച് കൊടുക്കാനൊരുങ്ങി അന്തിക്കാട് ഗ്രാമപഞ്ചായത്ത്. 'പൊതു അടുക്കള' പദ്ധതിയിലൂടെ പഞ്ചായത്തിലെ 20 നിർധന കുടുംബങ്ങൾക്കാണ് ഭക്ഷണം എത്തിച്ചു കൊടുക്കാൻ ഒരുങ്ങുന്നത്. അന്തിക്കാട് ഗ്രാമ പഞ്ചായത്തിലെ 2020-21 വാർഷിക പദ്ധതി രൂപീകരത്തിന്റെ ഭാഗമായി നടന്ന വികസന സെമിനാറിലാണ് പൊതു അടുക്കള പദ്ധതി അംഗീകരിച്ചത്. സംസ്ഥാന സർക്കാരിന്റെ വിശപ്പ്രഹിത കേരളം പദ്ധതിയുടെ ഭാഗമാവുകയാണ് അന്തിക്കാട് ഗ്രാമ പഞ്ചായത്ത്. ഇതിന്റെ ഭാഗമായി 20 കുടുംബങ്ങളെ പഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുണ്ട്. അസുഖ ബാധിതരും, ഒറ്റയ്ക്ക് താമസിക്കുന്നവരുമായ ജനങ്ങൾക്ക് അവരുടെ വീട്ടിൽ നേരിട്ട് ഭക്ഷണം എത്തിക്കുന്നതിനാണ് പൊതു അടുക്കള ലക്ഷ്യം വെയ്ക്കുന്നത്. ഈ വാർഷിക പദ്ധതിയിൽ തന്നെ ഇത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുകയാണ്. കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിലാണ് പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നത്.

6 കോടിയാണ് ഈ വർഷത്തെ വിവിധ വാർഷിക പദ്ധതിക്കായി മാറ്റി വെച്ചിട്ടുള്ളത്. പുത്തൻപീടിക സെന്റിനറി ഹാളിൽ നടന്ന വികസന സെമിനാർ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി.ശ്രീദേവി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് എം.വി ശ്രീവൽസൻ അധ്യക്ഷനായി.

## സമഗ്ര ശിക്ഷ കേരളം: കോണത്തുകുന്ന് ഗവ.യു.പി.സ്കൂളിന് സർഗവിദ്യാലയം പുരസ്കാരം

സമഗ്ര ശിക്ഷാ കേരളത്തിന്റെ ഭാഗമായി നടപ്പാക്കുന്ന സർഗവിദ്യാലയം പരിപാടിയിൽ കോണത്തുകുന്ന് ഗവ. യുപി സ്കൂളിന് ഒന്നാം സ്ഥാനം. വിദ്യാലയങ്ങളുടെ മികവ് ലക്ഷ്യമാക്കി ഓരോ വിദ്യാലയവും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ പ്രാദേശികമായി തയ്യാറാക്കിയ പദ്ധതികളാണ് സർഗ്ഗവിദ്യാലയം പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും അധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ ചിന്തയിലൂടെ വിദ്യാലയത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഏറ്റവും മികവാർന്ന അഞ്ച് പ്രവർത്തനങ്ങളുടെ പ്രവർത്തന രൂപരേഖ തയ്യാറാക്കി അവതരിപ്പിക്കാൻ വിദ്യാലയങ്ങൾക്ക് ജില്ലാതലത്തിൽ അവസരം നൽകി. ഇവയിൽ നിന്നും ജില്ലാതല വിദഗ്ധ സമിതി തെരഞ്ഞെടുത്ത 16 സ്കൂളുകളെയാണ് 'സർഗവിദ്യാലയം' പരിപാടിയിൽ ഉൾപ്പെടുത്തിയത്.

## ആർ ഐ ഡി എഫ് 25-ാം ഘട്ടപദ്ധതി: സംസ്ഥാനതല ഉദ്ഘാടനം മാർച്ച് 7 ന്

നബാർഡ് സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധിയുടെ 25-ാം ഘട്ട പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊണ്ടാഴി ഗ്രാമ

പഞ്ചായത്ത് ഗ്രൗണ്ടിൽ മാർച്ച് 7 വൈകീട്ട് 3 ന് കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ നിർവ്വഹിക്കും. യു ആർ പ്രദീപ് എംഎൽഎ അധ്യക്ഷനാകും. രമ്യ ഹരിദാസ് എംപി മുഖ്യാതിഥിയാകും. ഗായത്രി പുഴ സമഗ്ര നീർത്തട പദ്ധതിയിൽ വരുന്ന കുഴിയാംപാടം തെക്കേ കൊണ്ടാഴി നീർത്തട പദ്ധതിയാണ് ഇതിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്യുന്നത്. 59.10 കോടി ചെലവിൽ ഗായത്രി പുഴ നീർത്തട പരിധിയിൽ വരുന്ന മൃഗ സംരക്ഷണം, ക്ഷീര വികസനം, മണ്ണ് പര്യവേക്ഷണ, കൃഷി വകുപ്പുകളുടെ സമഗ്ര വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിൽ നബാർഡിന്റെ ധന സഹായത്തോടെ ആർ ഐ ഡി എഫ് 25ൽ ഉൾപ്പെടുത്തി പഴയന്നൂർ ബ്ലോക്കിലെ കൊണ്ടാഴി പഞ്ചായത്തിൽ ഉൾപ്പെട്ട കുഴിയാൻ പാടം തെക്കേ കൊണ്ടാഴി നീർത്തട പ്രവർത്തനങ്ങൾക്കായി 77.99 ലക്ഷത്തിന്റെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. 651.75 ഹെക്ടർ പ്രദേശത്ത് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയിൽ പഞ്ചായത്തിലെ 6, 7, 12, 13 വാർഡുകൾ ഭാഗികമായി ഉൾപ്പെടും. കല്ല് കയ്യാലകൾ, മഴക്കുഴികൾ, വൃക്ഷ തൈ നടീൽ, അഗ്രോ ഫോറസ്റ്ററി, കിണർ റീചാർജിങ്, കൊളക്കാട്ടുകുളം പുനരുദ്ധാരണം, പാർശ്വ ഭിത്തി സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ ഇതിലുൾപ്പെടും.

7, 8 തീയതികളിലായി 'ഉണർവ്'എന്ന പേരിൽ ദ്വിദിന സെമിനാറുകളും കാർഷിക കാർഷികേതര പ്രദർശനവും നടക്കും. കണിക ജലസേചനം, ജീവനി നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം, കാലാവസ്ഥ വ്യതിയാനം-പ്രശ്നങ്ങളും പരിഹാരങ്ങളും തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസെടുക്കും. ജില്ലാ കളക്ടർ എസ് ഷാനവാസ്, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ അംബിക എസ്, ജില്ലയിലെ എംഎൽഎ മാർ തുടങ്ങിയവർ പങ്കെടുക്കും.

## തോളൂർ കാളിപ്പാടം ജലസേചന പദ്ധതി നാടിന് സമർപ്പിച്ചു

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് 35 ലക്ഷം ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച തോളൂർ പഞ്ചായത്തിലെ കാളിപ്പാടം ജലസേചന പദ്ധതി യാഥാർത്ഥ്യമായി. തോളൂർ പഞ്ചായത്തിലെ നെൽകൃഷി മേഖലയ്ക്ക് ഉണർവ്വ് നൽകുന്നതാണ് ജലസേചന പദ്ധതി.

അനിൽ അക്കര എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.വി. കുരിയാക്കോസ് അധ്യക്ഷനായി. തോളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാധ രവീന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീബ ഗിരീഷ്, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ ലിസ ഫ്രാൻസിസ്, തോമസ് ചിറമ്മൽ, എ.എസ്. വിശ്വംഭരൻ, പാടശേഖരസമിതി കൺവീനർ പി.ആർ. തോമസ്, കാർഷിക വികസന സമിതി അംഗം സി. കെ. ഫ്രാൻസിസ് തുടങ്ങിയവർ സംസാരിച്ചു.

## ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കേഷൻ ക്യാംപ് മാർച്ച് 5, 6 ന്

ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കേഷൻ ക്യാമ്പ് മാർച്ച് 5, 6 തീയതികളിൽ അയ്യന്തോൾ വനിതാ ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ 9.30 മുതൽ നടക്കും. ക്യാമ്പ് ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്യും. ഈ ദിവസങ്ങളിൽ തന്നെ ഓൺലൈനായി ലേണേഴ്സ് ടെസ്റ്റിന് അപേക്ഷിക്കാം. തൃശൂർ ജില്ലാ ഭരണകൂടത്തോടൊപ്പം വിവിധ സർക്കാർ വിഭാഗങ്ങളുടെ സഹകരണത്തോടെ അർഹരായ ഭിന്നശേഷിക്കാർക്ക് ഡ്രൈവിങ് ലൈസൻസ് ലഭ്യമാക്കാൻ പ്രത്യേക സൗകര്യം ഒരുക്കുന്ന ഫൗണ്ടേഷൻ ഫോർ ഇന്റർനാഷണൽ റീഹാബിലിറ്റേഷൻ റിസർച്ച് ആൻഡ് എംപവർമെന്റ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനമാണിത്. 315 പേരാണ് പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽ 115 പേർ കേൾവി ശക്തി സംബന്ധിച്ച പ്രശ്നങ്ങളുള്ളവരാണ്. വാഹനം ഓടിക്കുവാൻ പ്രാപ്തരാണ് എന്ന് തെളിയിക്കുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കേഷൻ ക്യാമ്പ് മാർച്ച് 5 നും ലോക്കോമോട്ടോർ അല്ലെങ്കിൽ ഇതര ഭിന്നശേഷി ഉള്ളവർക്കും കേൾവി സംബന്ധ പ്രശ്നങ്ങൾ ഉള്ളവർക്കും മാർച്ച് 6 നും നടത്തും. 2019 ഡിസംബർ 4, 2020 ജനുവരി 24 തീയതികളിൽ വിജയകരമായി പൂർത്തിയാക്കിയ ഈ ഭിന്നശേഷി ശാക്തീകരണ സംരംഭത്തിന്റെ ഒന്നാം ഘട്ടത്തിൽ 74 പേർക്ക് മെഡിക്കൽ ഫിറ്റ് നസ് സർട്ടിഫിക്കറ്റും 51 പേർക്ക് ലെണേഴ്സ് ടെസ്റ്റ് എഴുതാനുള്ള പ്രത്യേക സൗകര്യങ്ങളും ലഭ്യമാക്കിയിരുന്നു.

# വാർഡ് വർധനന: കൊടുങ്ങല്ലൂരിലും കയ്പമംഗലത്തും 13 വാർഡുകൾ വർധിക്കും

പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള വാർഡ് വിഭജനത്തിന്റെ ഭാഗമായി കയ്പമംഗലം നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലും കൊടുങ്ങല്ലൂർ നഗരസഭയിലുമായി 13 വാർഡുകൾ വർധിക്കുന്നു. കയ്പമംഗലം മണ്ഡലത്തിൽ 11 വാർഡും കൊടുങ്ങല്ലൂരിൽ രണ്ട് വാർഡ് വീതവുമാണ് വർധിക്കുക. കയ്പമംഗലത്ത് വർധിക്കുന്ന വാർഡുകളിൽ ഏഴെണ്ണം പട്ടികജാതി സംവരണവും നാലെണ്ണം സ്ത്രീ സംവരണ വാർഡുകളുമാണ്. എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം, കയ്പമംഗലം, എടത്തിരുത്തി എന്നീ ഏഴ് പഞ്ചായത്തുകളിൽ നിലവിലുള്ള 128 വാർഡുകൾ 139 ആകും. വർധിക്കുന്ന വാർഡുകളിൽ പട്ടികജാതി സംവരണം നിലവിലുള്ള ഏഴ് വാർഡുകളിൽ നിന്നും 14 ആയി ഉയരും. അതേസമയം പട്ടികജാതി സ്ത്രീ സംവരണം നിലവിലുള്ള ഏഴ് വാർഡുകളിൽ തന്നെ തുടരും. സ്ത്രീ സംവരണ വാർഡുകൾ 59 ൽ നിന്നും 63 ആയി വർധിക്കും. പെരിഞ്ഞനം, മതിലകം, കൈപ്പമംഗലം പഞ്ചായത്തുകളിൽ പട്ടികജാതി സംവരണ വാർഡുകളിൽ ഓരോ വാർഡും എടത്തുരുത്തിയിലും ശ്രീനാരായണപുരത്തും 2 വാർഡുകൾ വീതവുമാണ് വർധിച്ചിട്ടുള്ളത്.

കൊടുങ്ങല്ലൂർ നഗരസഭയിൽ നിലവിലുള്ള 44ൽ നിന്ന് 46 ആയാണ് വർധിക്കുന്നത്. ജനറൽ വിഭാഗത്തിലാണ് പുതിയ വാർഡുകളുടെ വർധന. വാർഡ് വിഭജനത്തോടെ പല വാർഡുകളുടെയും അതിർവരമ്പുകളും മാറ്റപ്പെടും. ലോകമലേശ്വരം, മേത്തല, പുല്ലൂറ്റ് എന്നിവ ഉൾപ്പെടുന്നതാണ് നഗരസഭ പരിധി.

# സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്ത് കാട്ടൂർ ഗ്രാമപഞ്ചായത്ത്

യുവാക്കളിലെ കായിക താൽപര്യങ്ങൾ വളർത്തുന്നതിനും മികച്ച പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുമായി കാട്ടൂർ ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തു. ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി വിവിധ ക്ലബ്ബുൾക്കാണ് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തത്. വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ടി.കെ.രമേഷ് നിർവഹിച്ചു. അണു കുടുംബ വ്യവസ്ഥയിലേക്ക് ഒതുങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വളർന്നുവരുന്ന യുവജനങ്ങളെ സമൂഹത്തിന്റെ ഭാഗമാക്കുന്നതിനും യുവാക്കൾ തമ്മിലുള്ള കൂട്ടായ്മകളും സഹകരണവും ശക്തിപ്പെടുത്തുന്നതിനും അതോടൊപ്പം മികച്ച കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും ഇത്തരം പദ്ധതികൾ സഹായകമാകുമെന്ന് പ്രസിഡന്റ് വ്യക്തമാക്കി. പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത 16 ക്ലബ്ബുകൾക്കാണ് കിറ്റുകൾ ലഭ്യമാക്കിയത്. വരും വർഷങ്ങളിൽ കൂടുതൽ ക്ലബുകൾ രൂപീകരിച്ച് യുവജന ക്ഷേമ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്യണമെന്നും അതുവഴി ഇത്തരം പദ്ധതികളുടെ ഗുണഭോക്താക്കളെ വർധിപ്പിക്കണമെന്നും പ്രസിഡന്റ് യുവാക്കളോട് ആവശ്യപ്പെട്ടു.

വൈസ് പ്രസിഡന്റ് ബീന രഘു അധ്യക്ഷതയായ പരിപാടിയിൽ പ്രൊജക്ട് ഇംപ്ലിമെന്റിങ് ഓഫീസർ ഗവ:ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ മരിയ പോൾ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. സെക്രട്ടറി കെ.ആർ സുരേഷ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, വാർഡ് മെമ്പർമാർ, കുടുംബശ്രീ പ്രവർത്തകർ, വിവിധ ക്ലബ് അംഗങ്ങൾ ജനപ്രതിനിധികൾ എന്നിവർ ആശംസകൾ നേർന്നു.

# കുരഞ്ഞിയൂർ സ്കൂളിൽ പഠനോത്സവം സംഘടിപ്പിച്ചു

എ.ഡി.എൽ.പി.എസ് കുരഞ്ഞിയൂർ സ്കൂളിൽ പഠനോത്സവം 2019-20 സംഘടിപ്പിച്ചു. ഒപ്പം പുന്നയൂർ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമിച്ച ടോയ്‌ലറ്റ് ഉദ്ഘാടനവും നടത്തി. പുന്നയൂർ പഞ്ചായത്ത് പ്രസിഡന്റ് ബുഷറ ശംസുദ്ധീൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

പഠനോത്സവത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തി.

സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ നഫീസകുട്ടി വലിയകത്ത് അധ്യക്ഷയായി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഐ. പി. രാജേന്ദ്രൻ, സ്കൂൾ അധ്യാപകർ, പിടിഎ അംഗങ്ങൾ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

## കടലിൽ കുടുങ്ങിയ മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി

ബോട്ടിന്റെ എഞ്ചിൻ തകരാറിലായതിനെ തുടർന്ന് കടലിൽ കുടുങ്ങിയ മത്സ്യത്തൊഴിലാളികളെ ഫിഷറീസ് ഉദ്യോഗസ്ഥർ രക്ഷപ്പെടുത്തി. പൊന്നാനിയിൽ നിന്നും മത്സ്യബന്ധനത്തിനായി പുറപ്പെട്ട സെയിൻ മോൻ എന്ന ബോട്ടിലെ ഏഴ് മത്സ്യത്തൊഴിലാളികളെയാണ് രക്ഷപ്പെടുത്തിയത്. അഴീക്കോട് നിന്നും ഏഴ് നോട്ടിക്കൽ മൈൽ അകലെവെച്ചാണ് മത്സ്യബന്ധനത്തിനിടെ ബോട്ട് എഞ്ചിൻ തകരാറിലായി കടലിൽ അകപ്പെട്ടത്. തുടർന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സുഗതകുമാരിയുടെ നിർദ്ദേശപ്രകാരം അഴീക്കോട് നിന്നുള്ള ഫിഷറീസ് ഉദ്യോഗസ്ഥർ രക്ഷാപ്രവർത്തനം നടത്തി ഇവരെ കരയിലെത്തിച്ചു.

## ജില്ലാ ആസൂത്രണ സമിതി 9 ന്

ജില്ലാ ആസൂത്രണ സമിതി യോഗം മാർച്ച് ഒൻപത് വൈകീട്ട് മൂന്നിന് ജില്ലാ ആസൂത്രണ ഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

## വിദ്യാഭ്യാസ ധനസഹായം:
## തീയതി നീട്ടി

കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് 2019-20 വർഷത്തെ ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിക്കാനുള്ള തീയതി മാർച്ച് 15 വരെ നീട്ടിയതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 0477 2251577.

## വേലായുധനും ഭാര്യക്കും വീടൊരുക്കി
## സ്നേഹിത കാളിങ് ബെൽ

കോലഴി വാർഡ് 12 ലെ 90 വയസ്സുള്ള വേലായുധനും 80 വയസ്സുള്ള ഭാര്യയ്ക്കും വീടൊരുങ്ങി. സ്നേഹിത കാളിങ് ബെൽ പദ്ധതിയിലൂടെ .പുതിയ ഭവനത്തിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ എസ് ഷാനവാസ് നിർവഹിച്ചു. സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരെയും മുതിർന്ന പൗരന്മാരെയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരുമായ വ്യക്തികളെയും കണ്ടെത്തി നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് സ്നേഹിത കാളിങ് ബെൽ. വേലായുധനും ഭാര്യയ്ക്കും കാഴ്ച്ച പരിമിതി മൂലവും പ്രായാധിക്യം കൊണ്ടും ജോലി ചെയ്യാൻ സാധിക്കില്ല .മാനസിക വെല്ലുവിളി നേരിടുന്ന 40 വയസ്സ് പ്രായമുള്ള രണ്ട് ആൺ മക്കളും ഉണ്ട്. വീട്ടിലെ സാധങ്ങളെല്ലാം കിണറ്റിൽ കൊണ്ടിട്ടതിനാൽ വീട്ടിൽ സാധനങ്ങൾ ഒന്നും ഇല്ലാത്ത അവസ്ഥയാണ്. സ്വന്തം കാര്യങ്ങൾ നോക്കാനുള്ള പ്രാപ്തിയും ഇവർക്കില്ല .

ജില്ലാ കളക്ടർ ഇവരുടെ അവസ്ഥ പരിശോധിച്ചു വീട് അടിയന്തരമായി അറ്റകുറ്റപ്പണി ചെയ്തു കൊടുക്കാൻ 1.5 ലക്ഷം രൂപ പഞ്ചായത്ത് പ്രസിഡന്റ് വഴി കോലഴി സി ഡി എസ്നു കൈമാറി .ഈ തുക കൊണ്ട് അവർക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ,വസ്ത്രങ്ങൾ ,പാത്രങ്ങൾ ,കസേര എന്നിവ എത്തിച്ചു .കളക്ടറുടെ സന്ദർശനത്തിന് ശേഷം വാർഡ് തലത്തിൽ ഗുണഭോക്തൃ സമിതി രൂപീകരിച്ചു വീട് പുനർനിർമ്മിക്കുന്നതിനാവശ്യമായ പ്ലാൻ തയ്യാറാക്കി .വാർഡിലെ കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെ തുക സമാഹരിച്ചു .പഞ്ചായത്ത് 2 ലക്ഷം രൂപ പുനരുദ്ധാരണത്തിന് അനുവദിച്ചു .തുടർന്ന് വിവിധ സംഘടനകളുടെയും വ്യക്തികളുടെയും സഹായ സഹകരണത്തോടെ വീട് പുനർ നിർമിച്ചു .

ജനൽ , വാതിൽ എന്നിവ പൂർണമായും മാറ്റി അടുക്കളയിൽ വാഷ് ബേസിൻ , അലമാരകൾ എന്നിവ സ്ഥാപിച്ചു .കുളിമുറി വയോജന സൗഹൃദ രീതിയിൽ പുനർ നിർമിച്ചു .കുടിവെള്ള

സൗകര്യത്തിനായി പഞ്ചായത്തിന്റെ വാട്ടർ കണക്ഷൻ ലഭ്യമാക്കി വാട്ടർ ടാങ്ക് സ്ഥാപിച്ചു കിണർ വേലി കെട്ടി സംരക്ഷിച്ചു .

സ്നേഹിത കാളിങ് ബെൽ പിന്തുണ ലഭിച്ചവരെ കുടുംബശ്രീ പ്രവർത്തകർ നേരിട്ട് സന്ദർശിച്ച് അവരുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സേവനങ്ങൾ നൽകുന്നു .ഓരോ അയൽക്കൂട്ട പരിധിയിലും ഒറ്റപ്പെട്ട് താമസിക്കുന്ന ആളുകളെ കണ്ടെത്തി അവർക്കാവശ്യമായ മാനസിക പിന്തുണയും നൽകി വരുന്നു.

കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ കെ വി ജ്യോതിഷ് കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ഭവന പുനരുദ്ധാരണത്തിന് നേതൃത്വം നൽകിയ പി എൻ ഫാൽഗുനനെ കളക്ടർ ആദരിച്ചു. സി ഡി എസ് ചെയർപേഴ്സൺ സുജാത സദാനന്ദൻ, കോലഴി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി ജി ഉണ്ണികൃഷ്ണൻ, വൈസ് പ്രസിഡന്റ് ജെസ്സി ലോനപ്പൻ തുടങ്ങിയവർ പങ്കെടുത്തു.

## തളിക്കുളം ബ്ലോക്കിൽ വികസന സെമിനാർ നടന്നു
## ഉൽപാദന മേഖലയ്ക്കും ലൈഫ് പദ്ധതിക്കും മുൻഗണ

തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 ലെ വികസന സെമിനാർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ സുഭാഷിണി മഹാദേവൻ ഉദ്ഘാടനം ചെയ്തു. കൃഷി, മൃഗസംരക്ഷണം, വ്യവസായം തുടങ്ങിയ മേഖലയ്ക്കും പ്രാധാന്യം നൽകുന്നതായിരുന്നു സെമിനാർ. ഉൽപാദന മേഖലക്കും ലൈഫ് പദ്ധതിക്കും വികസന സെമിനാറിൽ മുൻഗണന നൽകി. വാടാനപ്പിള്ളി വലപ്പാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്തി. ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന വികസന സെമിനാറിൽ വൈസ് പ്രസിഡന്റ് ജി. പി. ശശികുമാർ അധ്യക്ഷനായി. വികസന സ്റ്റാറ്റിംങ് കമ്മിറ്റി ചെയർപേഴ്സൺ ഗീത മണികണ്ഠൻ കരട് പദ്ധതി രേഖ അവതിരിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാരായ പി.എ. സജിത, ഷിജിത് വടക്കുംചേരി തുടങ്ങിയവർ പങ്കെടുത്തു.

**തുടരും**